# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :881 29.09.2016 ൽ മറുപടിയ്ക്ക്

## തോട്ടം മേഖലയിലെ സർക്കാർ ഭൂമിയിൽ നടന്ന ക്രമക്കേടുകൾ

| | ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | മറുപടി<br>ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | തോട്ടം മേഖലയിലെ സർക്കാർ ഭൂമിയിൽ നടന്ന ക്രമക്കേടുകൾ കണ്ടെത്തുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിനും മുൻസർക്കാരിന്റെ കാലത്ത് നിയോഗിക്കപ്പെട്ടിരുന്ന ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർ ആരൊക്കെയായിരുന്നെന്ന് വ്യക്തമാക്കുമോ | ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി വിലക്കു വാങ്ങിയവർ, മറ്റു കൈയേറ്റക്കാർ തുടങ്ങിയവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനും, സംസ്ഥാനത്ത് സ്വാതന്ത്ര്യ ലബ്ധിക്കു മുൻപ് ഇംഗ്ലീഷ് കമ്പനികൾ കൈവശം വച്ചിരുന്ന ഭൂമിയുടെ ഉടമസ്ഥത പരിശോധിക്കുന്നതിനും സർക്കാർ രേഖാമൂലം പതിച്ചു നല്കാത്ത സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനും 1957-ലെ കേരള ഭൂസംരക്ഷണ നിയമം പ്രകാരം നടപടി സ്വീകരിക്കുന്നതിന് ശ്രീ.എം.ജി.രാജമാണിക്യം ഐ.എ.എസ് നെ നിയോഗിച്ചിരുന്നു.<br>ഇതിനു പുറമേ ഇടുക്കി ജില്ലയിലെ ട്രാവൻകൂർ റബ്ബർ & ടീ കമ്പനി കൈവശം വച്ചിരിക്കുന്ന ഭൂമി സംബന്ധിച്ചുള്ള അന്വേഷണത്തിനായി സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ശ്രീ.എസ്.ശ്രീജിത്ത് ഐ.പി.എസ് നെ ചുമതലപ്പെടുത്തിയിരുന്നു. |
| (ബി) | അവരിലാരെങ്കിലും സംസ്ഥാന ത്തിന്റെ പൊതു താല്പര്യത്തിനു വിരുദ്ധമായി ആ വിഷയത്തിൽ പ്രവർത്തിച്ചതായ പരാതി കളേതെങ്കിലും സർക്കാരിന് ലഭിച്ചിട്ടുണ്ടോ;എങ്കിൽ അതു സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദവിവരം നല്കാമോ; | ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടില്ല |
| (സി) | തോട്ടം ഉടമകളുടെ ക്രമവിരുദ്ധ താല്പര്യങ്ങൾക്കെതിരായി പ്രവർത്തിച്ച പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ തല്പരകക്ഷികളുടെ ഭാഗത്തുനിന്നും നിഗൂഢപ്രവർത്തനം നടക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസിയിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | ഇല്ല |

| | | |
|---|---|---|
| (ഡി) | പ്രസ്തുത ഉദ്യോഗസ്ഥരുടെ തുടർ സേവനം ആ വിഷയത്തിൽ ഉറപ്പുവരുത്തുമോ? | സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥന്റെ തുടർ സേവനം നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ